0/c —

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
**(ഹാജർ: അനുപമ.റ്റി.വി IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് – വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം -തുക അനുവദിച്ച് ഉത്തരാവാകുന്നു.

പരാമർശം:
1) ഈ കാര്യാലയത്തിലെ 26.7.2019 ലെ WEC-2/22012/19 നമ്പർ പരിപത്രം.
2) വനിത ശിശുവികസന ഡയറക്ടറുടെ 18.11.2019, 26.02.2020 എന്നീ തീയതികളിലെ WEC2/22012/19 നമ്പർ ഉത്തരവ്.
3) ആലപ്പുഴ ജില്ലാ വനിത ശിശുവികസന ഓഫീസറുടെ 27.02.2020 ലെ A5/165/20 നമ്പർ കത്ത്.
4) ഇടുക്കി ജില്ലാ വനിത ശിശുവികസന ഓഫീസറുടെ 14.22020 ലെ WCDO/IDK/26/19 നമ്പർ കത്ത്.

================================================================

ഉത്തരവ് നം. WEC-2/22012/19 തീയതി 28/03/2020

================================================================

വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബത്തിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി പ്രകാരം 2019-20 വർഷം ധനസഹായം അനുവദിച്ച് നൽകുന്നതിന് പരാമർശം (1) പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് പരാമർശം (2) പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പരാമർശം (3),(4) പ്രകാരം അധികമായി ഫണ്ട് അനുവദിക്കുന്നതിനായി ആലപ്പുഴ, ഇടുക്കി എന്നീ 2 ജില്ലകളിൽ നിന്നും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ പരിഗണിച്ച് 2 ജില്ലകൾക്കുമായി ചുവടെ ചേർത്തിട്ടുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1. | ആലപ്പുഴ | 4,56,500 |
| 2. | ഇടുക്കി | 67,500 |
| | **ആകെ** | **5,24,000** |

( അഞ്ച് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം )

GB

ഈ ഇനത്തിൽ ചെലവ് വരുന്ന **5,24,000/-** ( അഞ്ച് ലക്ഷത്തി ഇരുപത്തി നാലായിരം രൂപ മാത്രം ) 2235-02-103-68-03 (പ്ലാൻ) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

പ്രസ്തുത തുക ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ പ്രോഗ്രാം ഓഫീസിലെ ഡി.ഡി.ഒ മാരായ സീനിയർ സൂപ്രണ്ടുമാർ മുഖേന മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിനായി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്. പരാമർശം (1) സർക്കുലറിലെ മാനദണ്ഡ പ്രകാരം മാത്രമെ തുക അനുവദിച്ച് നൽകുവാൻ പാടുള്ളൂ. ധനസഹായം അനുവദിച്ച് നൽകിയതിന് ശേഷം ധനവിനിയോഗ സാക്ഷ്യപത്രം, ചെലവ് വിവരപ്പട്ടിക എന്നിവ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

for [signature]

**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ , ആലപ്പുഴ, ഇടുക്കി
സീനിയർ സൂപ്രണ്ട്, (ഐ.സി.ഡി.എസ് സെൽ), ആലപ്പുഴ, ഇടുക്കി)

പകർപ്പ്

1 സൂപ്രണ്ട് അക്കൗണ്ട് സെക്ഷൻ (ഫണ്ട് അനുവദിക്കുന്നതിനായി)
2. സ്റ്റോക്ക് ഫയൽ/സ്പെയർ

GB